പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1545 — 01-11-2019-ലെ മറുപടിയ്ക്ക്

**കർഷക കടാശ്വാസ കമ്മീഷൻ ആനുകൂല്യം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | പാലക്കാട് ജില്ലയിൽ 2016 മുതൽ 2019 വരെ കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | **(എ)** | കർഷക കടാശ്വാസ കമ്മീഷൻ പാലക്കാട് ജില്ലയിൽ 2016 മുതൽ 2019 വരെ നടത്തിയ സിറ്റിംഗുകളിൽ കർഷകർക്ക് 2,82,36,760/- രൂപ (രണ്ടു കോടി എൺപത്തി രണ്ടു ലക്ഷത്തി മുപ്പത്തി ആറായിരത്തി എഴുന്നൂറ്റി അറുപത് രൂപാ മാത്രം) കടാശ്വാസമായി ശിപാർശ ചെയ്തിട്ടുണ്ട്.<br>കമ്മീഷന്റെ പരിഗണനയ്ക്കായി ലഭിക്കുന്ന അപേക്ഷകൾ ജില്ലാടിസ്ഥാനത്തിൽ തരംതിരിക്കുകയും ജില്ലാതല സിറ്റിംഗുകളിൽ വച്ച് തീരുമാനമെടുത്ത് കടാശ്വാസം ശിപാർശ ചെയ്യുന്നതുമാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമം. |
| **(ബി)** | കർഷകർക്ക് കൃഷി ചെയ്യുന്നതിനായി പലിശരഹിത വായ്പ അനുവദിക്കാൻ നടപടി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | **(ബി)** | കർഷകർക്ക് കൃഷി ചെയ്യുന്നതിനായി പലിശരഹിത വായ്പ അനുവദിക്കുന്ന പദ്ധതി നിലവിലുള്ളതാണ്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലേക്കായി നെൽ കർഷകരെ തിരികെ നെൽകൃഷിയിലേക്ക് കൊണ്ടുവരുന്നതിനും, നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, നിലവിലുള്ള നെൽകൃഷിമേഖല സംരക്ഷിച്ച് സംസ്ഥാനത്തെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശ്യലക്ഷ്യത്തോടെ നെൽകൃഷിക്കായി പലിശരഹിത വായ്പാപദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br>2010-2011 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പിന്റെ ബഡ്ജറ്റിൽ തുക വകകൊള്ളിച്ച് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേന ടി പദ്ധതി നടപ്പിലാക്കി വരുന്നു. |

Sreelatha

**സെക്ഷൻ ഓഫീസർ**